നം - എൻ2/35011/2015/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 29/06/2015
Email: scholarshipdpi@gmail.com
Phone No. 0471 – 2328438

# സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - ന്യൂനപക്ഷ വിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി 2015-16 - സ്കൂളധികാരിക്കുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 1. കേന്ദ്ര സർക്കാർ കത്ത് എഫ് നം.12/04/2014 - എസ്.എസ്, തീയതി.02/12/2014.
2. കേന്ദ്ര സർക്കാർ കത്ത് എഫ് നം. 12/01/2015 -എസ്.എസ്, തീയതി. 17/03/2015, 22/04/2015
3. 23/06/2015 ലെ ഇതേ നമ്പർ തീരുമാനം.

**നിർദ്ദേശങ്ങൾ :-**

1. ന്യൂനപക്ഷ വിഭാഗം വിദ്യാർത്ഥികളുടെ അപേക്ഷകൾ മാത്രമേ സ്വീകരിക്കാവൂ. സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് (അംഗീകൃതം)/അഫിലിയേഷനുള്ള സി.ബി.എസ്.ഇ/ ഐ.സി.എസ്.സി എന്നീ സ്കൂളുകളിലെ I മുതൽ X വരെ ക്ലാസ്സുകളിലെ കുട്ടികളുടെ അപേക്ഷകൾ സ്വീകരിക്കേണ്ടതാണ്.

2. രക്ഷകർത്താക്കളുടെ വാർഷികവരുമാനം 1,00,000/- രൂപാ (ഒരു ലക്ഷം രൂപ) വരെയുള്ളവരും മുൻവാർഷികപരീക്ഷയിൽ 50 ശതമാനമോ അതിൽ കൂടുതലോ മാർക്ക്/ഗ്രേഡ് കരസ്ഥമാക്കിയവരുമായ കുട്ടികൾക്കാണ് അപേക്ഷ സമർപ്പിക്കുവാൻ അർഹതയുള്ളത്. 1-ാം ക്ലാസ്സിലെ കുട്ടികൾക്ക് മാർക്ക് നിബന്ധന ബാധകമല്ല.

3. ഒരു കുടുംബത്തിൽ നിന്ന് പരമാവധി 2 കുട്ടികൾക്ക് മാത്രമേ പ്രീ-മെട്രിക് സ്കോളർഷിപ്പിന് അർഹതയുള്ളൂ.

4. **അപേക്ഷയോടൊപ്പം കുട്ടിയുടെ മതം തെളിയിക്കുന്നതിന് സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലവും, രക്ഷകർത്താവിന്റെ വരുമാനം തെളിയിക്കുന്നതിന്, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലവും, ഉദ്യോഗമുള്ളവർ അതാത് സ്ഥാപനം നൽകുന്ന വരുമാന സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ് (വരുമാനം, മതം എന്നിവ തെളിയിക്കുന്ന സത്യവാങ്മൂലങ്ങൾ സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയാകും. മുദ്രപ്പത്രം ആവശ്യമില്ല).**

5 **സ്കൂൾ മാറിയിട്ടുള്ള അപേക്ഷകരുടെ മാർക്ക്/ഗ്രേഡ്, സ്റ്റാറ്റസ് (റിന്യൂവൽ/ഫ്രഷ്) എന്നിവ മുമ്പ് പഠിച്ചിരുന്ന സ്കൂളിൽ നിന്നും നൽകിയ സർട്ടിഫിക്കറ്റുമായി ഒത്തുനോക്കി ഉറപ്പ് വരുത്തേണ്ടതാണ്.**

6 മുൻവർഷം പ്രീ-മെട്രിക് സ്കോളർഷിപ്പ് (ന്യൂനപക്ഷം) തുക ലഭിച്ച വിദ്യാർത്ഥികളുടെ അപേക്ഷയിൽ **RENEWAL** കോളം മാർക്ക് ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

7. **എൻ2/35011/2015/ഡി.പി.ഐ** നമ്പർ ഫോറത്തിൽ പൂരിപ്പിച്ച അപേക്ഷകൾ മാത്രമേ സ്വീകരിക്കാവൂ.

8. അപേക്ഷകന്റെ പേരിലുള്ള **Bank Account Number, IFS Code, Name of Bank** എന്നിവ ശരിയായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ബാങ്ക് പാസ് ബുക്കിന്റെ പകർപ്പുമായി ഒത്തുനോക്കി ഉറപ്പ് വരുത്തേണ്ടതാണ്. (**Bank Account Number, IFS Code, Name of Bank** എന്നിവ തെറ്റായി രേഖപ്പെടുത്തിയാൽ സ്കോളർഷിപ്പ് തുക ലഭിക്കുന്നതല്ല).

9. **Aadhaar** ലഭിച്ചിട്ടുള്ളവർ, ആയത് ശരിയായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് പകർപ്പുമായി ഒത്തു നോക്കി ഉറപ്പ് വരുത്തേണ്ടതാണ്.

10. അപേക്ഷയിലെ വിവരങ്ങളുടെ ഡാറ്റാ എൻട്രി നടത്തിയശേഷം **Verified** ബട്ടൺ ക്ലിക് ചെയ്യുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

11. **User ID, Password** മുതലായവ ലഭിക്കുന്നതിനായി സ്കൂൾ കോഡ്, സ്കൂളിന്റെ പൂർണ്ണ മേൽവിലാസം, മൊബൈൽ നമ്പർ (എച്ച്.എം) എന്നിവ രേഖപ്പെടുത്തി, **scholarship@itschool.gov.in**, എന്ന **ID** യിലേയ്ക്ക് **DEO/AEO** മുഖേന**E -Mail** ചെയ്യേണ്ടതാണ്.

12. കമ്പ്യൂട്ടർ ജനറേറ്റ് ചെയ്യുന്ന ആപ്ലിക്കേഷൻ നമ്പർ നിശ്ചിത കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

13. അപേക്ഷകളുടെ ക്രോഡീകരിച്ച ലിസ്റ്റ്, എൽ.പി/യു.പി സ്കൂളുകൾ എ.ഇ.ഒ യ്ക്കും ഹൈസ്കൂളുകൾ ഡി.ഇ.ഒ യ്ക്കും ഹാജരാക്കേണ്ടതാണ്. അൺഎയ്ഡഡ് (അംഗീകൃതം) എൽ.പി/യു.പി സ്കൂളുകൾ എ.ഇ.ഒയ്ക്കും, അൺഎയ്ഡഡ് (അംഗീകൃതം) ഹൈസ്കൂൾ/അഫിലിയേഷനുള്ള സി.ബി.എസ്.ഇ/ഐ.സി.എസ്.സി സ്കൂൾ എന്നിവർ ഡി.ഇ.ഒ യ്ക്കും ലിസ്റ്റും, അസ്സൽ അപേക്ഷകളും ഹാജരാക്കേണ്ടതാണ്.

14. എം.ജി.എൽ.സി കളിൽ നിന്നുള്ള അപേക്ഷകൾ എ.ഇ.ഒ യ്ക്ക് ഹാജരാക്കേണ്ടതാണ്.

15. അപേക്ഷയിൽ രക്ഷകർത്താവിന്റെ മൊബൈൽ നമ്പർ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## സ്കൂളധികാരിയുടെ അടിയന്തിര ശ്രദ്ധയ്ക്ക്

1. I മുതൽ VIII വരെ ക്ലാസ്സുകളിലെ കുട്ടികളുടെ അപേക്ഷകൾ **www.scholarship.itschool.gov.in** എന്ന വെബ്സൈറ്റിലേയ്ക്ക് **Log – in** ചെയ്യേണ്ടതാണ്.
2. IX, X ക്ലാസ്സുകളിലെ കുട്ടികളുടെ അപേക്ഷകൾ കേന്ദ്ര സർക്കാരിന്റെ ഉത്തരവ് അനുസരിച്ച് **National Scholarship Portal (NSP)** ലിലെ **www.scholarships.gov.in** എന്ന വെബ്സൈറ്റിലേയ്ക്ക് **Registration, Log – in** എന്നിവ ചെയ്യേണ്ടതാണ്.
   (**Registration, Log – in** തുടങ്ങിയവയ്ക്കുള്ള **Guideline** ക്ലിക്ക് ചെയ്ത് പരിശോധിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **040 - 23120500, 501, 502, 503, 504, 505** എന്നീ നമ്പറുകളിൽ **National Scholarship Portal Help Desk** മായി ബന്ധപ്പെടേണ്ടതാണ്).

പൊതുവിദ്യാഭ്യാസ ഡയറക്ടർ
(ഇൻചാർജ്ജ്)

പകർപ്പ് -
1. എല്ലാ ഡി.ഡി.മാർക്കും
2. എല്ലാ ഡി.ഇ.ഒ മാർക്കും
3. എല്ലാ എ.ഇ.ഒ മാർക്കും
4. എല്ലാ സ്കൂളധികാരികൾക്കും (എ.ഇ.ഒ/ഡി.ഇ.ഒ മുഖേന)

**NB: -** എല്ലാ സ്കൂൾ അധികാരികൾക്കും (അൺഎയ്ഡഡ് (അംഗീകാരമുള്ളവ), അഫിലിയേഷനുള്ള സി.ബി.എസ്.ഇ/ഐ.സി.എസ്.സി സ്കൂളുകൾ ഉൾപ്പെടെ) ഡി.ഇ.ഒ/എ.ഇ.ഒ മുഖേന നിർബന്ധമായും നൽകേണ്ടതും ആവശ്യപ്പെടുന്ന സംശയങ്ങൾ തീർത്തുകൊടുക്കേണ്ടതുമാണ്.